(ഡി) എളങ്കുന്നപ്പുഴ കിഴക്കേ ആറാട്ട വഴി കർത്തേടം റോഡിന്റെ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മറ്റുള്ളവയുടെ പണി പുരോഗമിച്ചുവരുന്നുണ്ട്. കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽതന്നെ പ്രവൃത്തികൾ പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷ.

എടപ്പാളിലെ ഫ്ലൈ ഓവർ നിർമ്മാണം

151 (2647) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഫ്ലൈ ഓവർ നിർമ്മിക്കാൻ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ടെൻണ്ടർ എന്നാണ് കഴിഞ്ഞിട്ടുള്ളത് ;

(സി) ടെൻഡർ എടുത്ത വ്യക്തിയുടെ പേരും വിലാസവും നൽകാമോ ;

(ഡി) പ്രസ്തുത വ്യക്തിയും സർക്കാരും തമ്മിൽ കരാറിൽ ഒപ്പ് വച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(എഫ്) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-എഫ്) എടപ്പാൾ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് "സ്പീഡ് കേരള" പദ്ധതിയിൽ പെടുത്തി 22-2-2014-ലെ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 18/2014/പൊ.മ.വ. പ്രകാരം 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് സ്പീഡ് കേരളയിൽ ഉൾപ്പെട്ട 5 പദ്ധതികൾക്ക് മാത്രമാണ് ഉടനെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ ധനവകുപ്പ് അനുമതി നൽകിയത്. സ്പീഡ് കേരളയിലെ എല്ലാ പദ്ധതികളും ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly